## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1697 | | | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ.വി.കെ.സി.മമ്മത് കോയ | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ മുഖേന നടപ്പിലാക്കുന്ന ശുചിത്വകേരളം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ ഖരമാലിന്യ സംസ്കരണത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 2016-17, 17-18 സാമ്പത്തിക വർഷങ്ങളിലായി 1027.25 ലക്ഷം രൂപയാണ് നഗരകാര്യവകുപ്പ് മുഖേന ചെലവഴിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 99,41,09,788/- രൂപ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തുകൾ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്താമോ; | (ബി) | ഉറവിട മാലിന്യ സംസ്കരണ പദ്ധതികളായ കമ്പോസ്റ്റിംഗ്, ബയോമെതിനേഷൻ (ബയോഗ്യാസ് പ്ലാന്റ്) സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്,ദ്രവമാലിന്യ സംസ്കരണം, മാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റ പണികൾ, മഴക്കാല പൂർവ്വ ശുചീകരണം, ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, മെറ്റീരിയൽ റിക്കവറി ഫസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ ODF പ്രഖ്യാപനവുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണം തുടങ്ങിയവയാണ് മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പദ്ധതികൾ. |
| (സി) | ജില്ലകളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | (സി) | വിവിധ ജില്ലകളിലെ നഗര പ്രദേശങ്ങളിൽ പരിമിതമായ സ്ഥല സൗകര്യം പ്രയോജനപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. പ്ലാന്റുകൾ സ്ഥാപിക്കേണ്ടത് എവിടെയൊക്കയാണ് എന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ